(ബി) ഗൗരവമായി പരിഗണിച്ചിട്ടുണ്ട്. ആയതിനുവേണ്ട പെൻസ്റോക്ക് പൈപ്പ് അണക്കെട്ടിൽ സ്ഥാപിക്കാൻ നടപടികൾ എടുത്തുകഴിഞ്ഞു.

(സി) അണക്കെട്ടിന്റെ സബ്മെർജിബിൾ ഏരിയായിൽനിന്നും 277 കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടതായി വരുമെന്ന് ഇപ്പോൾ കണക്കാക്കപ്പെട്ടിരിക്കുന്നു.

(ഡി) പുനഃരധിവാസപ്രശ്നം ഗവൺമെന്റിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

(iv) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

പഞ്ചായത്തു റോഡുകൾ ഗവൺമെന്റ് ഏറ്റെടുക്കണമെന്ന നിർദ്ദേശം

1311 [2096] ശ്രീ. എം. കെ. കൃഷ്ണൻ:
,, പി. വി. കുഞ്ഞിക്കണ്ണൻ:
,, സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നിലവിലുള്ള ഏതൊക്കെ പഞ്ചായത്തു റോഡുകൾ ഗവൺമെന്റ് ഏറ്റെടുക്കണമെന്ന നിർദ്ദേശം നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതൊക്കെ റോഡുകൾ ഏറ്റെടുക്കാൻ നടപടി എടുത്തു;

(സി) ബാക്കിയുള്ളവ ഏറ്റെടുക്കാനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി കൊടുത്തിരിക്കുന്ന റോഡുകൾ പൊതുമരാമത്തു വകുപ്പിലേക്ക് ഏറ്റെടുക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. മറ്റു ചില റോഡുകൾ സംബന്ധിച്ച് ബഡ്ജറ്റ് നിർദ്ദേശങ്ങളുമുണ്ട്.

(ബി) അനുബന്ധമായി കൊടുത്തിരിക്കുന്ന ലിസ്റ്റിൽ 1 മുതൽ 11 വരെയുള്ള റോഡുകൾ. ഇവയിൽ ക്രമനമ്പർ 1, 2, 8 എന്നീ റോഡുകൾ ഏറ്റെടുത്ത് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു.*

(സി) റോഡുകൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി വിട്ടുകിട്ടാത്തതാണ് പ്രധാന കാരണം.

പി. ഡബ്ലിയു. ഡി. എൻ. എം. ആർ. കാരുടെ സേവന വേതന വ്യവസ്ഥ

1312 [2097] ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

* അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

Name of Employment	*Dates of revision*
29. Tanneries and leather manufactories industry ..	1969
30. Manufacture of Ayurvedic and Allopathic Medicine ..	1977
31. Hill produce ..	1977
32. Climbing of Arecanut trees and Dairy Farming ..	1978

ANNEXURE - C

1. Employment in rice mill, flour mill or dhall mill.
2. Employment in tobacco including beedi making.
3. Employment under any local authority (Municipalities and Panchayats).
4. Employment in Oil Mill.
5. Employment in Public Motor Transport Industry.
6. Employment in tanneries and leather manufactory.
7. Employment in manufacture of coir.
8. Employment in Tile Industry.
9. Employment in toddy tapping industry.
10. Employment in timber and plywood industry.
11. Employment in Minor Ports.
12. Emloyment in construction of Dams
13. Employment in Rubber Products Industry.

അനുബന്ധം II

6.4.1979-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1311 [2096] കാണുക.

1. വല്ലപ്പുഴ—മുളയൻകാവ് റോഡ്.
2. കൊടുവായൂർ—പല്ലാവൂർ—വിത്തനശ്ശേരി റോഡ്
3. കുനിശ്ശേരി—വല്ലങ്ങി റോഡ്.
4. പറളി കോസ്വേ റോഡ്.
5. കൊങ്ങാട്—മണ്ണാർക്കാട് റോഡിനെ ബന്ധിപ്പിക്കുന്ന ടിപ്പു സുൽത്താൻ റോഡ്.
6. മംഗലം—മുരുക്കുംപ്പുറം റോഡ്.
7. മങ്കോട്—വെള്ളനഴി റോഡ്.
8. അഗളി ജല്ലിപ്പാറ റോഡ്.
9. മേൽമുറി കോട്ടായി റോഡിന്റെ മുനിസിപ്പൽ പ്രദേശത്തുള്ള ഭാഗം.
10. വിക്ടോറിയാ കോളേജിൽനിന്നും ഒലവക്കോട് മലമ്പുഴ റോഡിലേക്കുള്ള സമീപന റോഡ്.
11. കുണ്ടുകാട്—മൂലംകോട് റോഡ്.
12. ചിറ്റൂർ—വണ്ടിത്താവളം റോഡ്.
13. നാട്ടുക്കൽ—ചീമനടി റോഡ്.
14. എഞ്ചിനീയർ റോഡ്.
15. മുതലമട—ചെമ്മണാംപതി റോഡ്.
16. പാറ—കൊച്ചിൻ ഫ്രോണ്ടിയർ റോഡ്.
17. നാട്ടുക്കൽ—കോട്ടപ്പുറം റോഡ്.
18. കോട്ടപ്പുറം ഫോറസ്റ്റ് റോഡ്.
19. കൊല്ലംകോട്—എളവഞ്ചേരി റോഡ്.
20. മാള—പാലിശ്ശേരി റോഡ്.
21. മേഴത്തൂർ—വട്ടോളിക്കാവ് റോഡ്

LIBRARY ARCHIVES Kerala Legislative Assembly